# നടീൽ രീതി

biotech HOMEGROWN Exotic Fruits Exciting Future




## 1 കുഴിയുടെ അളവ്



ഒരു മീറ്റർ വീതം നീളവും വീതിയും ആഴവുമുള്ള കുഴിയെടുക്കുക. (വിയറ്റനാം സൂപ്പർ ഏർലി പ്ലാവിന് ഒന്നരയടി സമചതുരം മതിയാകും.)

## 2 അടിസ്ഥാന വളം



ഇരുപത് കിലോഗ്രാം ചാണകപ്പൊടി അല്ലെങ്കിൽ കമ്പോസ്റ്റ്, ഒരു കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ് ഒരു കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് എന്നിവ നന്നായി മിശ്രണം ചെയ്യണം. (വിയറ്റനാം പ്ലാവിന് 5 കിലോ ചാണകപ്പൊടി, അര കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ് അര കിലോഗ്രാം വേപ്പിൻ പിണ്ണാക്ക്)

## 3 ഉയർത്തിയ തടം



കുഴിയെടുക്കുമ്പോൾ ലഭിച്ച മേൽമണ്ണുമായി മേൽപറഞ്ഞ മിശ്രിതം നന്നായി ഇളക്കി ചേർത്ത ശേഷം അതുപയോഗിച്ച് കുഴി പൂർണ്ണമായി മൂടുക. കുഴിയുടെ മുകൾ ഭാഗം അർധവൃത്താകൃതിയിൽ കൂമ്പാരമായി നിൽക്കുന്ന രീതിയിലായിരിക്കണം മൂടേണ്ടത്.

## 4 പിള്ളക്കുഴി



ഇങ്ങനെ കൂമ്പാരമായി നിൽക്കുന്ന ഭാഗത്ത് തൈ നടുന്നതിനുള്ള ചെറിയ പിള്ളക്കുഴിയെടുക്കുക. ഒരു പിടി ചാണകപ്പൊടി റോക് ഫോസ്ഫേറ്റുമായി മിശ്രണം ചെയ്ത് പിള്ളക്കുഴിക്കുള്ളിൽ വിതറിയിടുക.

## 5 കൂട് നീക്കം ചെയ്യൽ



തൈ നിൽക്കുന്ന പോളിത്തീൻ കൂട്, അതിനുള്ളിലെ മൺകട്ടയ്ക്ക് അശേഷം ഇളക്കം തട്ടാത്ത വിധത്തിൽ ശ്രദ്ധാപൂർവ്വം മുറിച്ചു മാറ്റുക.

## 6 നടുന്ന വിധം



പിള്ളക്കുഴിയിലേക്ക് തൈ അതിന്റെ മൺകട്ട സഹിതം ഇറക്കിവച്ച് ഉറപ്പിക്കുക. ബഡ്ഡ് സന്ധി കൂനയിലെ മൺനിരപ്പിന് അൽപം മുകളിലാണ് നിൽക്കുന്നതെന്ന് ഉറപ്പാക്കുക.

## 7 ജലസേചനം



തൈകൾ നട്ട് ആദ്യ മാസങ്ങളിൽ മഴ തുടങ്ങുന്നത് വരെ നന്നായി നനച്ചു കൊടുക്കണം.

## 8 നന ഉറപ്പാക്കുക



വേനൽ കാലത്ത് ചെടികളുടെ ചുവട്ടിൽ ആവശ്യത്തിന് ഈർപ്പം നിലനിർത്തുന്ന രീതിയിൽ നന ഉറപ്പാക്കണം

## 9 തൈകളെ രൂപപ്പെടുത്തൽ



പടർത്തി വളർത്തേണ്ട ഇനങ്ങളിൽ തൈകൾ നട്ട് തറ നിരപ്പിൽ നിന്നും 5 അടി ഉയരം എത്തുമ്പോൾ 3-4 അടി ഉയരത്തിൽ പ്രധാന ശിഖരം മുറിച്ച് ശാഖകൾ വളരാൻ അനുവദിക്കണം.